5

# "എഴുന്നേറ്റു, സ്നാനമേല്ക്കുക" (2)

വർഷങ്ങൾക്കു മുൻപു, പശുവിനെ കറക്കുന്നതിനു മൂന്നു കാലുള്ള - സ്റ്റൂൾ ഉപയോഗിക്കുമായിരുന്നു. പിന്നെ, അതിന്റെ ഒരു കാൽ നീങ്ങിപ്പോയാൽ എന്തു സംഭവിക്കും എന്നു ഊഹിക്കുക? (എന്റെ മനസ്സിൽ, ഒരാൾ ഇത്തരം സ്റ്റൂളിൽ ഇരുന്നു പശുവിനെ പിഴിയുമ്പോൾ സ്റ്റൂളിന്റെ ഒരു കാലിനു കേടുണ്ടായിരുന്നതുകൊണ്ട് അയാൾ മറി ഞ്ഞു വീഴുകയും പാൽപാത്രം തെറിച്ചു പോകുകയും ചെയ്യുന്നതു എന്റെ മനസിൽ ചിത്രമായിട്ടുണ്ട്!) സ്പഷ്ടമായി മൂന്നുകാലുള്ള - സ്റ്റൂളിന് രണ്ടുകാലിൽ നിൽക്കാൻ സാധ്യമല്ല.

വചന പ്രകാരമുളള സ്നാനത്തിൽ മൂന്നു കാര്യങ്ങൾ അടങ്ങുന്നതാണ്: അതു ശരിയായ വിധത്തിൽ ചെയ്യണം ("എങ്ങനെ" ഉളള സ്നാനം); അതു ശരിയായ ഉദ്ദേശത്തിനു വേണ്ടി യായിരിക്കണം (''എന്തുകൊണ്ട്''); ശരിയായ വ്യക്തിയുമായിരിക്കണം സ്നാനമേൽക്കേണ്ടത് ("ആര്"). ഇവ ഓരോന്നു മുക്കാലി - സ്റ്റൂളിലെ മൂന്നു കാലുകൾ പോലെയാണ്: ഓരോന്നും ആവശ്യമാണ്; ഓരോന്നും അത്യാവശ്യമാണ്.

കഴിഞ്ഞ പാഠത്തിൽ, സ്നാനം ''എന്തുകൊണ്ട്?" എന്ന ചർച്ച യുമായാണ് ആരംഭിച്ചത്. ഈ പാഠത്തിൽ, ആ ചർച്ച പൂർത്തിയാ ക്കുകയും "എങ്ങനെ?" എന്നും "ആര്?" എന്നുമുളള ചോദ്യങ്ങൾക്കും ഉത്തരം കാണുന്നതാണ്.

### സ്നാനം: "എന്തുകൊണ്ട്?"

കഴിഞ്ഞ പാഠം പഠിച്ചുകൊണ്ടിരുന്നപ്പോൾ, മർക്കൊസ് 16ഉം പ്രവൃത്തി 2ഉം അദ്ധ്യായങ്ങളിൽ സ്നാനത്തിന്റെ ഉദ്ദേശത്തെക്കുറിച്ചു ഒരു പുന: പരിശോധന നിങ്ങൾ ആഗ്രഹിച്ചേക്കാം.

''എന്തുകൊണ്ട് സ്നാനം?'' എന്ന ചോദ്യത്തിനു മറ്റു വേദഭാ ഗങ്ങളും ഉത്തരം നൽകുന്നുണ്ട്. അവയിൽ പലതു ഞാൻ താഴെ കൊടുക്കുന്നുണ്ട്. നിങ്ങളുടെ ബൈബിളിൽ, അതു വായിച്ച് ഓരോ

ന്നിന്റെയും സന്ദർഭം ശ്രദ്ധിക്കുക.

പ്രവൃത്തി 22:16-ൽ: ഉപദേഷ്ടാവ് ശൗലിനോടു പറഞ്ഞു, "ഇനി താമസിക്കുന്നതു എന്ത്? എഴുന്നേറ്റു അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു സ്നാനം ഏറ്റു, നിന്റെ പാപം കഴുകി കളയുക, എന്നു പറഞ്ഞു" വെള്ളമല്ല പാപങ്ങളെ കഴുകി കളയുന്നത്; മാന്ത്രികമൊന്നുമില്ല. ഉപയോഗിക്കുന്ന വെള്ളത്തിനു പ്രത്യേകതയൊന്നുമില്ല. നമ്മുടെ പാപങ്ങളെ കഴുകി കളയുന്നതു യേശുവിന്റെ രക്തമാണ് (മത്തായി 26:28; വെളിപ്പാട് 1:5). സ്നാന സമയത്തു യേശുവിന്റെ രക്തമാണു ശുദ്ധീകരിക്കുന്നതെന്നു പ്രവൃത്തി 22-ൽ പറയുന്നു.

ഗലാത്യർ 3:26, 27-ൽ: ഗലാത്യരോടു പൗലോസ് പറഞ്ഞതു, "ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു'' (വാക്യം 26) അവർ എപ്പോൾ "വിശ്വാസത്താൽ ദൈവമക്കൾ" ആയിതീർന്നു? പൗലൊസ് തുടർന്നു, ''ക്രിസ്തുവിനോടു[1] ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു" (വാക്യം 27). നിങ്ങൾ ദൈവത്തിന്റെ *മകൻ* ആകുവാൻ ആഗ്രഹിക്കുന്നു എങ്കിൽ, നിങ്ങൾ വിശ്വസിക്കയും സ്നാനം ഏല്ക്കയും വേണം. ക്രിസ്തുവിന്റെ ഭാഗമായി തീരുവാൻ നിങ്ങൾ വിശ്വസിക്കയും സ്നാനം ഏല്ക്കയും വേണം. നിങ്ങൾ *ക്രിസ്തുവിനോടു* ചേരുവാനുള്ള സ്നാനം ഏല്ക്കണം. നിങ്ങൾ ക്രിസ്തുവിനെ *ധരിക്കണമെങ്കിൽ,* സ്നാനം ഏല്ക്കണം.

നോഹയുടെ കാലത്തു നോഹയും മറ്റുള്ളവരും പെട്ടക ത്തിൽ രക്ഷിക്കപ്പെട്ടതിനെ വിവരിച്ച ശേഷം പത്രൊസ് 1 പത്രൊസ് 3:21-ൽ: നോഹയും കൂടെയുണ്ടായിരുന്ന ഏഴുപേരും പെട്ടകത്തിൽ രക്ഷപ്രാപിച്ചതിനെ പത്രൊസ് വിശദീകരിച്ച്, എഴുതി, ''അതു സ്നാനത്തിനു ഒരു മുൻകുറി, സ്നാനമോ ഇപ്പോൾ ജഡത്തിന്റെ അഴുക്കു കളയുന്നതായിട്ടല്ല, ദൈവത്തോടു നല്ല മനസാക്ഷിക്കായുള്ള- അപേക്ഷയായിട്ടത്രെ - യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ നമ്മെയും രക്ഷിക്കുന്നു.'' സ്നാനത്തിന്റെ ഉദ്ദേശം ശരീരം വൃത്തിയാക്കുന്നതിനോ കുളിക്കുന്നതിനോ അല്ല.[2] മറിച്ച്, ദൈവത്തോടുള്ള ഹൃദയത്തിന്റെ പ്രതികരണമാണ്: ദൈവം പറയുന്നു, "എഴുന്നേറ്റു സ്നാനം ഏല്ക്കുക," എന്ന്. എന്റെ ഹൃദയം പറയുന്നു ''അതെ!'' കഴിഞ്ഞ പാഠത്തിൽ ശ്രദ്ധിച്ചതു പോലെ സ്നാനം യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയിലുള്ള വിശ്വാസത്തിന്റെ പ്രകടനമാണ്.

"സ്നാനമോ ഇപ്പോൾ നിങ്ങളെ രക്ഷിക്കുന്നു" എന്ന വാക്കു കൾ ശക്തമാണ്. സ്നാനം എന്ന പ്രവർത്തി ഒരു യോഗ്യതയല്ല എന്നു നിങ്ങൾക്കു ഇപ്പോൾ, മനസ്സിലായി കാണുമല്ലോ. നമുക്കു സ്വയമായി രക്ഷിക്കപ്പെടാൻ സാദ്ധ്യമല്ല; ദൈവ കൃപയാലാണ് നമുക്കു രക്ഷ

പ്രാപിക്കാൻ കഴിയുന്നത്. ഈ വേദഭാഗം വ്യക്തമാക്കുന്നതു, ദൈവം പറഞ്ഞതു, വിശ്വസിച്ച് അനുസരിച്ചതുകൊണ്ട് അന്നു പെട്ടകത്തിൽ കയറിയവർ രക്ഷപ്രാപിച്ചതു പോലെ ഇന്നു, ദൈവ കല്പനപ്രകാരം – സ്നാനമേൽക്കുന്നവർ അവരുടെ പാപങ്ങളിൽ നിന്നു മോചിക്കപ്പെടും. ദൈവം തന്റെ രക്ഷാപദ്ധതിയിൽ സ്നാനവും ഉൾപ്പെടുത്തി യിരിക്കുന്നു എന്ന അർത്ഥമാണ് "സ്നാനവും നമ്മെ രക്ഷിക്കുന്നു" എന്നു പറഞ്ഞതിലുള്ളത്.

സ്നാനത്തിനു ആ വാക്കു ഉപയോഗിക്കാതെ തന്നെ സ്നാ നത്തെ സൂചിപ്പിക്കുന്ന മറ്റു വേദഭാഗങ്ങൾ കൂടെ ഇതിനോടു ചേർക്കാം (ഉദാഹരണത്തിനു യോഹന്നാൻ 3:3, 5; തിത്തൊസ് 3:5). എങ്ങനെയായലും, ഞാൻ ആശിക്കുന്നത് "എന്തുകൊണ്ട്?" എന്ന ചോദ്യത്തിനു ഉത്തരമായി ഇത്രയും വാക്യങ്ങൾ മതിയാകും.

### സ്നാനം: "എങ്ങനെ?"

"എങ്ങനെ ഒരാൾ സ്നാനമേൽക്കണം?" എന്ന ചോദ്യത്തിലേ ക്കു നമുക്കു തിരിയാം. കഴിഞ്ഞ പാഠത്തിൽ, നാം "ബാപ്റ്റിസം" എന്ന ഗ്രീക്കു വാക്കിന്റെ അർത്ഥം "സ്നാനം" അഥവാ, നിമഞ്ജനം ആണ് എന്നു കണ്ടു. സ്നാനം എന്ന പ്രവൃത്തി മനസ്സിലാക്കുവാൻ ഗ്രീക്ക് അറിഞ്ഞിരിക്കണം എന്ന ആശയം നല്കുവാൻ ഞാൻ ആഗ്രഹി ക്കുന്നില്ല. തിരുവെഴുത്തിൽ സ്നാന പ്രവൃത്തി വളരെ വ്യക്തമാണ്.

### യോഹന്നാൻ സ്നാപകൻ നടത്തിയ സ്നാനം (യോഹന്നാൻ 3; മത്തായി 3)

യോഹന്നാൻ 3:23 പറയുന്നു "യോഹന്നാനും ശലേമിന്നു അരികത്തു ഐനോനിൽ സ്നാനം കഴിപ്പിച്ചു കൊണ്ടിരുന്നു. അവിടെ ധാരാളം വെള്ളം ഉണ്ടായിരുന്നു" എന്നാണ്. തലയിൽ വെള്ളം കോരി ഒഴിക്കാനോ, തളിക്കാനോ വളരെ കുറച്ചു വെള്ളം മാത്രംമതി. എന്നാൽ യോഹന്നാൻ സ്നാനത്തിനു "ധാരാളം വെള്ളം" വേണമായിരുന്നു.

യോഹന്നാന്റെ സ്നാനത്തിനു "ധാരാളം വെള്ളം" ആവശ്യ മായിരുന്നു. കാരണം അതു വെള്ളത്തിൽ മുങ്ങൽ ആയിരുന്നു. യോഹന്നാൻ യേശുവിനെ സ്നാനപ്പെടുത്തിയ ശേഷം "കർത്താവു ഉടനെ വെള്ളത്തിൽ നിന്നു കയറി" (മത്തായി 3:16). വെള്ളത്തി ലേക്കു ഇറങ്ങിയശേഷം (അന്തർലീനം) വെള്ളത്തിൽ നിന്നു കയറി (പറഞ്ഞിരിക്കുന്നു) എന്നതു സ്നാന പ്രക്രിയയിൽ, അടങ്ങിയിരിക്കുന്നു. വെള്ളം കോരി ഒഴിക്കുന്നതിലോ തളിക്കുന്നതിലോ അതടങ്ങുന്നില്ല.

### പ്രമാണിയുടെ സ്നാനം (പ്രവൃത്തി 8)

ഐത്യോപ്യക്കാരനായ ഒരു ഉദ്യോഗസ്ഥന്റെ പരിവർത്ത നത്തെ

മൂന്നാമത്തെ പാഠത്തിൽ പരിചയപ്പെടുത്തിയിട്ടുണ്ട്. ഈ ഉദ്യോഗസ്ഥൻ തന്റെ വിശ്വാസത്തെ ഏറ്റു പറയുന്നതായി നാം കണ്ടു. പിന്നെ, വായിക്കുന്നതു,

> ... അങ്ങനെ അവൻ തേർ നിർത്തുവാൻ കല്പിച്ചു; ഫിലിപ്പൊസും ഷണ്ഡനും ഇരുവരും വെള്ളത്തിൽ ഇറങ്ങി, അവൻ അവനെ സ്നാനം കഴിപ്പിച്ചു. അവർ വെള്ളത്തിൽ നിന്നു കയറിയപ്പോൾ, കർത്താവിന്റെ ആത്മാവ് ഫിലിപ്പൊസിനെ എടുത്തു കൊണ്ടു പോയി; ഷണ്ഡൻ പിന്നെ അവനെ കണ്ടില്ല, അവൻ സന്തോഷിച്ചു കൊണ്ടു തന്റെ വഴിക്കു പോയി (പ്രവൃത്തി 8:38, 39).

ഫിലിപ്പൊസും ഷണ്ഡനും ഇരുവരും ''വെള്ളത്തിൽ ഇറങ്ങുകയും'' വെള്ളത്തിൽ നിന്നു കയറുകയും ചെയ്തു. ഷണ്ഡനെ ഫിലിപ്പൊസ് സ്നാനപ്പെടുത്തുകയായിരു *ന്നെങ്കിൽ* ഫിലിപ്പൊസിനു വെള്ളത്തിൽ ഇറങ്ങുകയോ വെള്ളത്തിൽ നിന്നു കയറുകയോ ചെയ്യേണ്ട ആവശ്യമുണ്ടായിരുന്നില്ല. സ്നാനം എന്ന പ്രവൃത്തി, പരസ്പര ബന്ധമുള്ളതാണെങ്കിൽ കോരി ഒഴിക്കലും തളിക്കലും പരസ്പര ബന്ധമില്ലാത്തതാണ്.

**സ്നാനം ഒരു അടക്കം പോലെ (റോമർ 6; കൊലൊസ്യർ 3)**

പൌലൊസിന്റെ ലേഖനങ്ങളിൽ, സ്നാനത്തെ "അടക്കമായി'' വിശേഷിപ്പിച്ചിട്ടുണ്ട് റോമിലുണ്ടായിരുന്ന ക്രിസ്ത്യാനികൾക്കു അവൻ എഴുതി, "അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായി തീർന്ന സ്നാനത്താൽ അവനോടു കൂടെ *കുഴിച്ചിടപ്പെട്ടു* ക്രിസ്തു മരിച്ചിട്ടു, പിതാവിന്റെ മഹിമയാൽ, ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ" (റോമർ 6:4; എംഫസിസ് മൈൻ). കൊലൊസ്സ്യയിലുണ്ടായിരുന്ന ക്രിസ്ത്യാനികൾക്കു അവൻ എഴുതി "സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ *അടക്കപ്പെടുകയും,* അവനെ മരിച്ചവരുടെ ഇടയിൽ നിന്നു, ഉയിർത്തെഴുന്നേല്പിച്ചതിനാൽ ദൈവത്തിന്റെ പ്രവൃത്തിയിലുള്ള വിശ്വാസത്താൽ നിങ്ങളെയും'' (കൊലൊസ്യർ 2:12; എംഫസിസ് മൈൻ). സംസ്കാര ശുശ്രൂഷക്കു ശേഷമുള്ള അടക്കം നിങ്ങൾ കണ്ടിരിക്കാം. നിങ്ങൾ തന്നെ ചോദിക്കുക, "അടക്കം എന്ന ആശയം ഏറ്റവും നന്നായി വരച്ചു കാണിക്കുന്നതേതാണ് തളിക്കലാണോ, കോരിഒഴിക്കലാണോ അതോ മുങ്ങൽ ആണോ?"

പുതിയ നിയമം മുഴുവൻ പരിശോധിക്കുക: ആരെയെങ്കിലും വെള്ളം കോരി ഒഴിച്ചോ തളിച്ചോ "സ്നാന" പ്പെടുത്തിയ ഉദാഹരണം നിങ്ങൾക്കു കാണാൻ കഴിയുകയില്ല.

ഒന്നാം - നൂറ്റാണ്ടിലെ സഭയിൽ മുങ്ങൽ സ്നാനമാണ് പരിശീലിച്ചിരുന്നതെന്നു ഭൂരിഭാഗം ചരിത്രകാരന്മാരും സമ്മതിക്കും.

(സ്നാനത്തിനു വേണ്ടി) തളിക്കൽ അനേക വർഷങ്ങളോളം പരിചയപ്പെടുത്തിയിരുന്നില്ല[3] യേശു ഒരിക്കൽ ചോദിക്കയുണ്ടായി, “യോഹന്നാന്റെ സ്നാനം, സ്വർഗ്ഗത്തിൽ നിന്നോ മനുഷ്യരിൽ നിന്നോ എന്ന്?” (മർക്കൊസ് 11:30). യോഹന്നാന്റെ സ്നാനം സ്വർഗ്ഗത്തിൽ നിന്നായിരുന്നു. അതേ ചോദ്യം കോരി ഒഴിക്കലിനേയും തളിക്കലിനേയും, കുറിച്ചു ചോദിച്ചാൽ കിട്ടുന്ന ഉത്തരം “മനുഷ്യരിൽ നിന്ന്” എന്നായിരിക്കും.

**സ്നാനം: “ആർക്ക്?”**

സ്നാനത്തെ സംബന്ധിച്ചു മൂന്നാമത്തെ ചോദ്യം ‘‘ആരാണ് സ്നാനം ഏല്ക്കേണ്ടത്?’’ എന്നാണ്. ചില മതസംഘടനകൾ ശിശുക്കളെ “സ്നാനപ്പെടുത്തുന്നുണ്ട്.” എന്നാൽ നമ്മുടെ മുൻപാഠത്തിൽ നാം മനസിലാക്കിയതാണ് ശിശുക്കൾ, ജനിക്കുമ്പോൾ നിഷ്ക്കളങ്കമായി വിശുദ്ധമായി ജനിക്കുന്നതുകൊണ്ട് അവർക്കു സ്നാന ത്തിന്റെ ആവശ്യമില്ല എന്ന്. പിന്നെ, ആരാണ്, സ്നാനം ഏല്ക്കേണ്ടതു? നമുക്കു ഉത്തരം കണ്ടെത്താം, “ഉത്തരവാദിത്വമുള്ള ഓരോ വ്യക്തിയും.” പത്രൊസ് കല്പിച്ചതു “*ഓരോരുത്തരും*സ്നാനമേല്പിൻ” എന്നാണ് (പ്രവൃത്തി 2:38),[4] പക്ഷേ ചില യോഗ്യതകൾ വേണം. സ്നാനം എന്നതു വെറുമൊരു ചടങ്ങല്ല.അതു ഹൃദയ ങ്ങളും ജീവിതങ്ങളും ഒരുക്കിയ വർക്കുള്ളതാണ്.തന്റെ കേൾവി ക്കാർ സ്നാനമേല്ക്കുന്നതിനു മുൻപു മാനസാന്തരപ്പെടുവാൻ ആവശ്യപ്പെടുന്നുണ്ട് (പ്രവൃത്തി 2:38).

ആർ സ്നാനമേല്ക്കണം എന്ന ചോദ്യത്തിനു ഉത്തരം നാം മുൻപു പഠിച്ച വേദഭാഗത്തിലുണ്ട്. നിങ്ങൾ അതു വീണ്ടും വായിക്കുക. ആരാണ് സ്നാനം ഏല്ക്കേണ്ടതു?

- *ഉപദേശിക്കപ്പെട്ട* ഒരാൾ (മത്തായി 28:18, 19; മർക്കൊസ് 16:15–16).
- യേശുവിൽ *വിശ്വസിക്കുന്ന* ഒരാൾ (മർക്കൊസ് 16:15, 16).
- തന്റെ പാപങ്ങളിൽ നിന്നു *മാനസാന്തരപ്പെട്ടയാൾ* (പ്രവൃത്തി 2:36–38).
- യേശുവിലുള്ള വിശ്വാസത്തെ *ഏറ്റു പറഞ്ഞ* ഒരാൾ (പ്രവൃത്തി 8:36–39; റോമർ 10:9, 10).

ഈ രൂപരേഖയിൽ ശിശുക്കൾ പെടുന്നില്ല.

ഒരാൾ ഏതു പ്രായത്തിലാണ് സ്നാനം ഏല്ക്കേണ്ടതു? ഒരാൾ എപ്പോഴാണ് സ്നാനം *ഏല്ക്കേണ്ടതു?* ബൈബിളിൽ അതിനു കൃത്യമായ വയസു പറയുന്നില്ല, പക്ഷേ സ്നാനപ്പെടുന്ന ആൾ മനസിലാക്കുവാനുള്ള പ്രായം എത്തിയിരിക്കണം:

- പാപിയായ മനുഷ്യനു രക്ഷ ആവശ്യമാണ്.[5]

- അയാളെ രക്ഷിപ്പാൻ യേശു മരിച്ചു.
- ദൈവത്തിന്റെ രക്ഷാപദ്ധതിയിലെ ഭാഗമാണ് സ്നാനമേല്ക്കുക എന്നത്.
- അതു തന്റെ ജീവിതം കർത്താവിന്നു വ്യക്തിപരമായി സമർപ്പിക്കുന്നതാണ്.


**സ്നാനം:**

**"ആർ?"; "എങ്ങനെ?"; "എന്തുകൊണ്ട്?"**

''ആർ?'' ''എങ്ങനെ?'' ''എന്തുകൊണ്ട്?'' സ്നാനം എന്നതു ചിത്രീകരിക്കുന്ന വേദഭാഗം റോമർ 6:3–6:

> ... അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാമെല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ, അവനോടു കൂടെ കുഴിച്ചിടപ്പെട്ടു ക്രിസ്തു മരിച്ചിട്ട് പിതാവിന്റെ മഹിമയാൽ, ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നെ. അവന്റെ മരണത്തിന്റെ സാദൃശ്യത്തോട് നാം ഏകീഭവിച്ചവരായെങ്കിൽ പുനരുദ്ധാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും, നാം ഇനി പാപത്തിന് അടിമപ്പെടാതെ, വണ്ണം പാപ ശരീരത്തിന് നീക്കംവരേണ്ടതിന് നമ്മുടെ പഴയ മനുഷ്യൻ അവനോടു കൂടെ ക്രൂശിക്കപ്പെട്ടു, എന്നു നാം അറിയുന്നു. ഈ വാക്യങ്ങളിലെ സ്നാനത്തെക്കുറിച്ചുള്ള ഉപദേശം, ഇതുപോലെ വരയ്ക്കാവുന്നതാണ്.

ഈ വാക്യങ്ങളിലെ സ്നാനത്തെക്കുറിച്ചുള്ള ഉപദേശം, ഇതുപോലെ വരയ്ക്കാവുന്നതാണ്:



യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയോട് സ്നാനത്തിനുള്ള ബന്ധം ശ്രദ്ധിക്കുക.[6]

യേശു ക്രൂശിൽ *മരിച്ചു* (ലൂക്കോസ് 23:33-46; ഫിലിപ്പിയർ 2:8). ആത്മീയമായി പാപത്തിൽ മരിച്ച ആൾ (എഫെസ്യർ 2:1, 5). (റോമർ 6:11) വിശ്വാസത്താൽ, മാനസാന്തരത്താൽ, ഏറ്റുപറച്ചിലിനാൽ പാപസംബന്ധമായി മരിക്കാൻ കഴിയുന്നവൻ

യേശുവിനെ *മരിച്ചപ്പോൾ* കല്ലറയിൽ അടക്കി (യോഹന്നാൻ 19:40-42; 1 കൊരിന്ത്യർ 15:4). അതുപോലെ അനുസരിക്കുന്ന വിശ്വാസിയെ വെള്ളമാകുന്ന കല്ലറയിൽ സ്നാനത്താൽ അടക്കം ചെയ്യുന്നു.

യേശു മരിച്ചവരിൽനിന്നു *ഉയിർത്തെഴുന്നേറ്റു* (മത്തായി 28:1-8; റോമർ 1:4). അതുപോലെ, ക്രിസ്ത്യാനി വെള്ളത്തിൽ നിന്ന് എഴുന്നേല്ക്കുന്നത് "ജീവന്റെ പുതുക്കത്തിൽ" നടക്കേണ്ടതിനാണ്. ചിലപ്പോൾ ആളുകൾ എന്നോട് അപ്പോൾ നാമധേയവിഭാഗങ്ങളുടെ സ്നാനത്തിലുള്ള തെറ്റ് എന്തെന്ന് ചോദിക്കാറുണ്ട്. നാം പഠിച്ച ''സ്നാനത്തിന്റെ'' മൂന്നു സ്വഭാവവിശേഷതകൾ ഒന്നോ അതിലധികമോ കുറവുള്ള നിയമമായി, കാണപ്പെടുന്നു. ഈ "സ്നാന"ങ്ങളിലുള്ള അപകടം എന്തെന്നാൽ, ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയുമായി ബന്ധമേ ഇല്ല:

- ചിലർ ശിശുക്കളെ "സ്നാനപ്പെടുത്തുന്നു" - പക്ഷേ ശിശുക്കൾ പാപസംബന്ധമായി *മരിക്കുന്നില്ല*.
- ചിലർ വെള്ളം തളിച്ച് "സ്നാനമെന്നു" പറയുന്നു - എന്നാൽ തളിക്കൽ *അടക്കമല്ല*.
- ചിലർ മുക്കുന്നു, എന്നാൽ സ്നാനത്തിന് ശേഷമല്ല, *മുൻപ്* ക്രിസ്തുവിലുള്ള പുതുജീവൻ നിർബ്ബന്ധിക്കുന്നു, അങ്ങനെ ജീവന്റെ *പുതുക്കത്തിൽ* നടക്കേണ്ടതിനുള്ള *ഉയർത്തെഴുന്നേറ്റ* രൂപം എടുത്തു കളയുന്നു (അവന്റെ നിർദ്ദേശപ്രകാരം, അവർ അടക്കുന്നത് മരിച്ചവരെയല്ല, "ജീവനുള്ളവരെയാണ്".)

പുതിയ നിയമ കാലയളവിൽ പരിശീലിച്ചിരുന്ന സ്നാനത്തിന് വിഭിന്നമായിട്ടാണ് താൻ സ്നാനമേറ്റതെന്ന് ഒരാൾ കണ്ടെത്തിയാൽ അയാൾ എന്തു ചെയ്യണം? ഈ ചോദ്യത്തിന് അപ്പൊസ്തല പ്രവൃത്തി 19-ാം അദ്ധ്യായം ഉത്തരം നല്കുന്നു. പൗലൊസ് എഫെസോസിൽ എത്തിയപ്പോൾ, അവിടെ പന്ത്രണ്ട് പുരുഷന്മാരെ കണ്ടു. അവർ ക്രിസ്ത്യാനികളാണെന്ന് ധരിച്ചു. എന്നാൽ പെട്ടെന്ന് അവർ യോഹന്നാന്റെ സ്നാനമാണ് ഏറ്റിരുന്നതെന്ന് മനസ്സിലാക്കി. യോഹന്നാന്റെ സ്നാനം, ഒരു ഒരുക്കത്തിന്റേതായിരുന്നു, ആ കാലയളവിന് മാത്രം ഉള്ളത്. എന്നാൽ യേശുവിന്റെ സ്നാനം അതിനുശേഷം നിലവിൽ വന്നു. നിലവില്ലാതിരുന്ന യോഹന്നാന്റെ സ്നാനമായിരുന്നു.[7] ആ

പന്ത്രണ്ട് പുരുഷന്മാർ ഏറ്റിരുന്നത്.[8] "എങ്ങനെ?" "ആർ?", "എന്തു കൊണ്ട്?" അവരുടെ സ്നാനം ശരിയോ തെറ്റോ?[9] പൗലോസ് അവരെ പഠിപ്പിച്ചശേഷം ''അവർ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേറ്റു" (പ്രവർത്തി 19:5).

**ഉപസംഹാരം**

ഈ സമയത്ത്, നിങ്ങളുടെ സ്നാനവും പുതിയ നിയമ സ്നാനവും തമ്മിൽ താരതമ്യം ചെയ്തേക്കാം. ഈ പാഠത്തിന്റെ ആരംഭത്തിൽ നിങ്ങൾ പൂരിപ്പിച്ച ചോദ്യാവലി ഓർമ്മയില്ലേ? നിങ്ങളുടെ ഉത്തരങ്ങൾ നോക്കുക. നിങ്ങളുടെ മേൽ കുറച്ച് വെള്ളം തളിക്കുക, യായിരുന്നുവോ? അതോ മുങ്ങൽ സ്നാനമായിരുന്നുവോ? "സ്നാന പ്പെടുത്തുമ്പോൾ" നിങ്ങൾ ശിശുവായിരുന്നുവോ ("മാമോദീസ")? ചെയ്യുന്നത് എന്ത് എന്ന് മനസിലാക്കാൻ കഴിയാതിരുന്ന പ്രായത്തി ലായിരുന്നോ അത്? അതോ വ്യക്തിപരമായ സമർപ്പണം, എടുക്കുവാനും സ്നാനം രക്ഷയ്ക്കുവേണ്ടി ഉള്ളതല്ല എന്നും പഠിച്ച ശേഷം ആയിരുന്നോ? അല്ലെങ്കിൽ, സ്നാനപ്പെടുന്നതിന് മുൻപ് രക്ഷിക്കപ്പെട്ടു എന്ന് നിങ്ങളെ പഠിപ്പിച്ചിരുന്നോ?

ഇത് നിങ്ങളെ ലജ്ജിപ്പിക്കുന്നതിന് ചോദിച്ച ചോദ്യമല്ല. മറിച്ച്, നിത്യമായ രക്ഷയേക്കാൾ വലിയ മറ്റൊന്നില്ല. നിങ്ങളുടെ ആത്മാവിന്റെ രക്ഷ മറ്റാരും എടുത്തുകളയാൻ ഇടയാവരുത്.

നിങ്ങൾ പുതിയ നിയമ മാതൃക അനുസരിച്ച്, സ്നാനപ്പെട്ടിട്ടില്ലെങ്കിൽ അപ്പൊസ്തല പ്രവർത്തി 19:ലെ ശിഷ്യന്മാർ ചെയ്തതുപോലെ ആത്മാർത്ഥമായി സ്നാനം ഏല്ക്കുക. അല്ലെങ്കിൽ (പുനഃസ്നാനം), ഏല്ക്കുക. ഈ സമയം ചെയ്യുന്നത് ബൈബിളിലെ ഉപദേശപ്രകാരം ശരിയായത് ആയിരിക്കട്ടെ.

---

കുറിപ്പുകൾ

[1]സകല ആത്മികാനുഗ്രഹങ്ങളും "ക്രിസ്തുവിൽ" അത്രേ (എഫെസ്യർ 1:3) എങ്ങനെ ആ അനുഗ്രഹങ്ങൾ "ക്രിസ്തുവിൽ," ആകാം എന്നു രണ്ടു വേദഭാഗങ്ങൾ പറയുന്നതു: ഗലാത്യർ 3:27ഉം റോമർ 6:3ഉം ഒരാൾ ക്രിസ്തുവിനോടു ചേരുവാൻ *സ്നാനമേല്ക്കുമ്പോൾ* ക്രിസ്തുവിലാകുന്നു. [2]അതിനെതിരായി, എനിക്കു ചിലപ്പോൾ മാലിന്യമുള്ള കുളത്തിൽ, ആളുകളെ സ്നാപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. കാരണം സ്നാനത്തിനു ലഭ്യമായ വെള്ളം അതാണ്. [3]1600 വർഷങ്ങളോളം തളിക്കൽ സ്നാനത്തിനു പകരം അകാമെന്നു ഔദ്യോഗികമായി അംഗീകരിച്ചിരുന്നില്ല. കത്തോലിക്കാസഭയാണ് തളിക്കൽ സ്നാനത്തിനു പകരം ആദ്യമായി അംഗീകരിച്ചതു. [4]എംഫസിസ് മൈൻ. [5]ഈ പ്രസിദ്ധീകരണത്തിലെ "കണക്കു കൊടുക്കാൻ കഴിയുന്ന" എന്നതിലെ കുറിപ്പുകൾ നോക്കുക. [6]സുവിശേഷത്തിന്റെ സത്ത, യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയാണ് (1 കൊരിന്ത്യർ 15:1-4). [7]മഹത്തായ ആജ്ഞയിൽ യേശു പഠിപ്പിച്ച കല്പനയായ സ്നാന

മാണ് "യേശുവിന്റെ സ്നാനത്തിനു," എന്നതു കൊണ്ടു ഞാൻ ഉദ്ദേശിച്ചത് (മത്തായി 28:18-20; മർക്കൊസ് 16:15, 16). [8]അപ്പൊല്ലോസ് ആയിരിക്കാം അവരെ പഠിപ്പിച്ച സ്നാനപ്പെടുത്തിയതു. എന്നാൽ അവർ "യോഹന്നാന്റെ സ്നാനത്തെക്കുറിച്ചു മാത്രമേ അറിഞ്ഞിരുന്നുള്ളൂ" (പ്രവൃത്തി 18:25). അവരെ "കർത്താവിന്റെ മാർഗ്ഗം അക്കില്ലാസും പ്രിസ്കില്ലാസും ശരിയായി പഠിപ്പിച്ചു" (പ്രവൃത്തി 18:26). [9]യോഹന്നാന്റെ സ്നാനത്തിന്റെ ഉദ്ദേശത്തിൽ, യേശുവിന്റെ സ്നാനത്തിൽ അടങ്ങിയ വാഗ്ദാനമായ പരിശുദ്ധാത്മ ദാനം അടങ്ങിയിരുന്നില്ല എന്നതായിരുന്നു പ്രശ്നം (പ്രവൃത്തി 2:38).